Mathrubhumi
മാതൃഭൂമി

# ഊർജ സംരക്ഷണ അവാർഡുകൾ പ്രഖ്യാപിച്ചു

**തിരുവനന്തപുരം** ▸ സംസ്ഥാന സർക്കാരിന്റെ ഇക്കൊല്ലത്തെ ഊർജ സംരക്ഷണ അവാർഡുകൾ പ്രഖ്യാപിച്ചു. വൻകിട ഊർജ ഉപഭോക്താക്കളുടെ വിഭാഗത്തിൽ എറണാകുളം ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡ്, കോഴിക്കോട് പി.കെ.സ്റ്റീൽ കാസ്റ്റിങ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ അവാർഡ് പങ്കിട്ടു. ഒരു ലക്ഷം രൂപ ക്യാഷ് അവാർഡും പ്രശസ്തിപത്രവുമാണ് സമ്മാനം. ഇടത്തരം ഊർജ ഉപഭോക്താക്കളുടെ വിഭാഗത്തിൽ ആലപ്പുഴ വി.കെ.എൽ. സീസണിങ് പ്രൈവറ്റ് ലിമിറ്റഡ് ജേതാക്കളായി. ഒരു ലക്ഷം രൂപ ക്യാഷ് പ്രൈസും പ്രശസ്തിപത്രവുമാണ് സമ്മാനം.

മാർ സ്ലീവ മെഡിസിറ്റി പാലാ കെട്ടിടങ്ങളുടെ വിഭാഗത്തിലും കാഞ്ഞിരപ്പള്ളി അമൽ ജ്യോതി കോളേജ് ഓഫ് എൻജിനീയറിങ് സംഘടനകൾ/ സ്ഥാപനങ്ങൾ എന്ന വിഭാഗത്തിലും അവാർഡ് നേടി. ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവുമാണ് സമ്മാനം. ഊർജകാര്യക്ഷമത കൂടിയ ഉപകരണങ്ങളുടെ പ്രമോട്ടർമാർ എന്ന വിഭാഗത്തിൽ 50,000 രൂപയും അവാർഡും വി-ഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എറണാകുളം നേടി.

12/12/2024 TRIVANDRUM Pg 13